**ദൈവമാതാവിന്റെ കരങ്ങൾ ഞങ്ങളെ കാത്തു...**

:: ജോൺ മാത്യു ::



ന്യൂയോർക്കിലെ ലാഗാർഡിയ എയർപോർട്ടിൽ നിന്നും നോർ ത്ത് കരോലിനയിലേക്കുള്ള അമേരിക്കൻ എയർവെയ്സിന്റെ യാ ത്രാവിമാനം എയർബസ് എ-320 155 യാത്രക്കാരുമായി പറന്നുയർന്നു. വിമാനം 3200 അടി ഉയരത്തിലെത്തിയപ്പോഴാണ് പൈലറ്റ് യെൽഡി സുലെൻബർ ഗർ ശ്രദ്ധിച്ചത് വിമാനത്തിന്റെ മു ന്നിൽ കൂട്ടം തെറ്റി പ റക്കുന്ന പ ക്ഷികൾ. കാറ്റിനെയും പക്ഷികളെയും പറ്റി നിർദേശം നൽകേണ്ടത് എയർപോർട്ടിലെ കൺ ട്രോൾ റൂമാണ്. അവരും ശ്രദ്ധിക്കാതെ വന്നതാകാം. പലതവണ വിമാനത്തിന്റെ ദിശ മാറ്റേണ്ടിവ ന്നു പൈലറ്റിന്. ഒടുവിൽ സു ലെൻബർഗർ ഭയന്നതുതന്നെ സംഭവിച്ചു. പക്ഷിക്കൂട്ടം വന്നിടിച്ച് വിമാനത്തിന്റെ രണ്ട് എൻജിനുകളും ഒരേസമയം നിശ്ചലമായി. താഴെ അംബരചുംബികളായ കെട്ടിടങ്ങളും ജനവാസ കേന്ദ്രങ്ങളും. വിമാനത്തിനുള്ളിൽ ശിശുക്കളടക്കം 155 മനുഷ്യജീവനുകൾ, താഴെ നിലംപതിച്ചാലുണ്ടാകുന്ന വൻദുരന്തം വേറെ. 40 വർഷത്തെ ദീർഘമായ പരിചയസമ്പത്തുള്ള പൈലറ്റിന് തന്റെ കൈ യിൽ ഇനിയൊന്നും അവശേഷിച്ചിട്ടില്ല എന്നു ബോധ്യമായി.

അമേരിക്കൻ വ്യോമസേനയുടെ മുൻ പൈലറ്റു കൂടിയായ അദ്ദേഹം നിരവധി വിമാന അപകടങ്ങളെപ്പറ്റി അന്വേഷിക്കാൻ നിയുക്തനായ പ്രഗത്ഭനാണ്. അമേരിക്കൻ വ്യോമയാന രംഗത്തെ സുരക്ഷാ ക്രമീകരണങ്ങൾ നിയന്ത്രിക്കുന്ന കമ്മിറ്റിയിലെ അംഗവുമാണ്. എൻ ജിൻ ചലനമറ്റ കൂറ്റൻ വിമാനം, അന്തരീക്ഷ പാളികൾക്കിടയിലൂടെ തെന്നി നീങ്ങുകയാണ്. മൗനപ്രാർത്ഥനയിൽ മനസിൽ തെളിഞ്ഞ കരുത്തോടെ അദ്ദേഹം യാത്രക്കാർക്ക് നിർദേശം കൊടുത്തു. ''എല്ലാവരും കരുതിയിരിക്കുക. ന മ്മൾ അടിയന്തിരമായി നിലത്തിറങ്ങാൻ പോ കുന്നു.'' ന്യൂ ജഴ്സി, മൻഹാട്ടൻ തീരങ്ങളെ കടന്ന് തണുത്തുറഞ്ഞ ഹഡ്സൺ നദിയിലേ ക്ക് അദ്ദേഹം വിമാനം ഇടിച്ചിറക്കി. അടുത്തത് ഉഗ്രശക്തിയോടെ ഉള്ള സ്ഫോടനമാകാം, മു ങ്ങിത്താഴലാകാം. പക്ഷേ ഒന്നും സംഭവിച്ചില്ല. ചെറിയ കുലുക്കത്തോടെ നദിയിൽ പതിച്ച വിമാനം നൗകപോലെ ഓളപ്പരപ്പിലൂടെ ഒഴുകി. തീരത്തും കെട്ടിടങ്ങളുടെ മുകളിൽനിന്നും രംഗം വീക്ഷിച്ചവർ ഭയന്നു സ്തംബ്ധരായി. ഒരു വിമാനവും അതിലെ യാത്രക്കാരും കത്തിച്ചാമ്പലാകുന്നത് കാണേണ്ടിവരുമോ എന്ന് ഭയന്നവർ അവിശ്വസനീയതയോടെ നോക്കിനിന്നു പേ ായി. വിമാനത്തിൽ നിന്നും ഓരോരുത്തരായി പുറത്തെത്തിയ യാത്രക്കാർ വിമാനത്തിന്റെ മുകളിലും ചിറകുകളിലും കയറിനിന്നു. നിമിഷങ്ങൾക്കകം പോലിസും രക്ഷാ പ്രവർത്തകരും കുതിച്ചെത്തി. വിമാനത്തിലുണ്ടായിരുന്ന എല്ലാ യാത്രക്കാരെയും സുരക്ഷിതരായി കരയ്ക്കെത്തിച്ചു. അവസാന യാ ത്രക്കാരനും കരയ്ക്കണയുവോളം പൈലറ്റ് യെ ൽഡി വിമാനത്തിനകത്തുതന്നെ ഉണ്ടായിരുന്നു. വിമാനത്തിനകത്തെത്തിയ രക്ഷാപ്രവർ ത്തകർ പൈലറ്റിന്റെ അക്ഷോഭ്യമായ ഭാവം കണ്ട് അമ്പരന്നു. തെല്ലും ഭയാശങ്കയില്ലാതെ തന്റെ യാത്രക്കാർ എല്ലാം സുരക്ഷിതരല്ലേ എന്നാണ് അദ്ദേ ഹം അന്വേഷിച്ചത്. ''ദൈവം എ ന്തു തോന്നിച്ചു അതു ഞാൻ ചെ യ്തു'' എന്ന് പ്രതികരിച്ച അദ്ദേ ഹം വിമാനം ഹഡ്ഡൺ നദിയിലേക്ക് ഇടിച്ചിറക്കുമ്പോൾ ''താൻ നന്മനിറഞ്ഞ മറിയമേ'' എന്ന പ്രാർത്ഥന ഉറക്കെ ചെല്ലുകയായിരുന്നു എന്നും പറഞ്ഞു.

40 വർഷത്തെ വിമാനം പറപ്പി ക്കൽ പ്രാവീണ്യവും അമേരിക്കയിലെ തന്നെ അതിപ്രഗത്ഭരായ പൈ ലറ്റുമാരിൽ ഒരാളുമായ അദ്ദേഹം, ഒരവസരത്തിലും തന്റെ കഴിവായി ഈ സംഭവം പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞ തും ഇത് തന്നെ. ''അദ്ദേഹത്തിലൂ ടെ ദൈവമാണ് ഇതു പ്രവർത്തിച്ചത്.'' അമേരിക്കൻ ജനത ഒന്നടങ്കം ദൈവത്തിന് നന്ദി പറഞ്ഞു. യെൽഡി സു ലെ ൻ ബർഗർ എന്ന വൈമാനികനെ ആ വിമാനത്തിന്റെ അമരക്കാരനാക്കിയതിൽ.

ഹഡ്ഡൺ നദീതീരത്തേക്ക് താഴ്ന്നു പറക്കുന്ന വിമാനം കണ്ട് ഇനിയും ഒരു വേൾഡ് ട്രേഡ് സെന്റർ ദുരന്തത്തിന് കാതോർത്ത അമേരിക്കൻ ജനതയ്ക്ക് ഒറ്റ രാത്രികൊണ്ട് സുലെൻ ബർഗർ അമാനുഷനായപ്പോൾ, വിനീതനായി ഈ വൈമാനികൻ പറയുന്നു, എന്റെ പ്രാർത്ഥ ന ദൈവം കേട്ടു. ദൈവമാതാവിന്റെ കരങ്ങളാ ണ് ഹഡ്ഡൺ നദിയിലെ ഓളപ്പരപ്പിൽ താങ്ങി യത്. തണുത്തുറഞ്ഞ നദിയിൽ മുങ്ങിമരിക്കു മായിരുന്ന, അല്ലെങ്കിൽ മൻഹാട്ടനിലെ കെട്ടിടങ്ങൾക്കിടയിൽ കത്തിയമരാമായിരുന്ന മനുഷ്യരൂപം പറയുന്നു, ''ഇതു മനുഷ്യന്റെ കഴിവല്ല...''